മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾ മേലടി ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിലാക്കാൻ നടപടി

42 [2814] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾ വ്യത്യസ്ത ഐ.സി.ഡി.എസ്. പ്രോജക്ടുകൾക്ക് കീഴിലായതിനാൽ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ആയതിനാൽ പ്രസ്തുത ഗ്രാമപഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളും മേലടി ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളും മേലടി ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലുള്ള 15 അംഗൻവാടി സെന്ററുകളും കൂടി മേലടി ഐ.സി.ഡി.എസ്. പ്രോജക്ടിനു കീഴിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ആലത്തൂർ നിയോജകമണ്ഡലത്തിൽ അംഗൻവാടികൾ ആരംഭിക്കാൻ നടപടി

43 [2815] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ അംഗൻവാടികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ പുതുതായി അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം എവിടെയൊക്കെ ആരംഭിച്ചു എന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ആലത്തൂർ അസംബ്ലി മണ്ഡലത്തിന്റെ പരിധിയിൽ പുതിയ അംഗൻവാടികൾ ആരംഭിക്കണമെന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആലത്തൂർ മണ്ഡലത്തിൽ പുതിയ അംഗൻവാടി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. മാനദണ്ഡമനുസരിച്ച് സാധാരണഗതിയിൽ ഒരു അംഗൻവാടി അനുവദിക്കുന്നതിന് അർബൻ/റൂറൽ പ്രദേശങ്ങളിൽ ആയിരം ജനസംഖ്യയും ട്രൈബൽ പ്രദേശങ്ങളിൽ എഴുന്നൂറ് ജനസംഖ്യയും ഉണ്ടായിരിക്കണം എന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം. എന്നാൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് 300-നുമേൽ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ അംഗൻവാടി കേന്ദ്രങ്ങൾ അനുവദിക്കുന്നതിനും, ചില പ്രത്യേക സാഹചര്യങ്ങളിൽ 150-300-നും ഇടയിൽ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ മിനി അംഗൻവാടികൾ തുടങ്ങുന്നതിനും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം ഉണ്ട്.

(ബി — ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സ്വകാര്യ ഏജൻസികൾ വഴിയുള്ള ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

44 [2816] ശ്രീ. കളത്തിൽ അബ്ദുള്ള :

,, സി. ടി. അഹമ്മദ് അലി :

,, സി. മമ്മൂട്ടി :

,, പി. കെ. അബ്ദുറബ്ബ് :

,, ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ൽ സ്വകാര്യ ഏജൻസികൾ വഴി ഹജ്ജ് തീർത്ഥാടനത്തിന് പോയ വിശ്വാസികൾക്ക് യാത്രാസൗകര്യവും താമസസൗകര്യവും ഭക്ഷണവും വേണ്ട വിധത്തിൽ ലഭിക്കാത്തതിനാൽ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാവിയിൽ സ്വകാര്യ ഏജൻസികൾ മൂലം ഹജ്ജ് തീർത്ഥാടകർക്ക് വൈഷമ്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly